# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 6

# വാർത്താക്കുറിപ്പ്

**ചാൻസലേഴ്സ് അവാർഡ് വിതരണം ചെയ്തു**

## സർവകലാശാലകളിലെ നിയമനവും പരീക്ഷനടത്തിപ്പും ഫലപ്രഖ്യാപനവും ഏകീകരിക്കണം: ഗവർണർ

പരീക്ഷ നടത്തിപ്പ്, ഫലംപ്രഖ്യാപിക്കൽ, സ്റ്റാറ്റിയൂട്ടറി ഓഫീസർമാരെ നിയമിക്കുന്നതുമടക്കമുള്ള നടപടികൾ എല്ലാ സർവകലാശാലകളിലും ഏകീകൃതരീതിയിൽ നടപ്പാക്കുന്നതിന് നിയമനിർമാണം നടത്തണമെന്ന് ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം പറഞ്ഞു. കോട്ടയത്ത് എം.ജി. സർവകലാശാലയിൽ നടന്ന ചടങ്ങിൽ കേരളത്തിലെ മികച്ച സർവകലാശാലയ്ക്കുള്ള ചാൻസലേഴ്സ് അവാർഡ് മഹാത്മാഗാന്ധി സർവകലാശാലയ്ക്കും എമർജിങ് യങ് സർവകലാശാലയ്ക്കുള്ള അവാർഡ് കേരള വെറ്ററിനറി ആൻഡ് അനിമൽ  സയൻസസ് സർവകലാശാലയ്ക്കും സമ്മാനിച്ച് പ്രസംഗിക്കുകയായിരുന്ന അദ്ദേഹം.

വിവിധ സർവകലാശാലകളിലെ വൈസ്ചാൻസലർമാരുടെ കാലാവധി പോലും വ്യത്യസ്തമാണ്. പരീക്ഷയിലും ഫലപ്രഖ്യാപനത്തിലും നിയമനത്തിലും ഏകീകൃത രീതി നടപ്പാക്കിയാൽ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർധിക്കും. എല്ലാ സർവകലാശാലകൾക്കുമായി ഏകീകൃത അക്കാദമിക കലണ്ടർ നടപ്പാക്കാനുള്ള നടപടികൾ സ്വാഗതാർഹമാണ്.

കോടതികളിൽ കേസുകൾ നടക്കുന്നതിനാൽ സമയബന്ധിതമായി അധ്യാപകരെ നിയമിക്കുന്നതിലും വിവിധ വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലും ബുദ്ധിമുട്ട് നേരിടുന്നു. നിയമപരമായ തർക്കങ്ങൾ നീളുന്നതുമൂലം സർവകലാശാലകൾക്ക് പലകാര്യങ്ങളിലും വലിയ നഷ്ടം സംഭവിക്കുന്നു. നിയമനടപടികളിൽ കൃത്യമായ തുടർനടപടികളെടുക്കാൻ വൈസ് ചാൻസലർമാർ പ്രത്യേക സംവിധാനമൊരുക്കണം. സർവകലാശാലകൾ അറിവുത്പാദനത്തിനൊപ്പം വികസനത്തിനും സാമ്പത്തിക വളർച്ചയ്ക്കുംകൂടി സഹായമാകുന്ന നിലയിൽ പ്രവർത്തിക്കണം. ഗവേഷണത്തിനും മറ്റുമായി യു.ജി.സി. അടക്കമുള്ള സ്ഥാപനങ്ങളെ സമീപിക്കുന്നതിനൊപ്പം കോർപറേറ്റുകളുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതികൾ കൂടി പ്രയോജനപ്പെടുത്തണം. വ്യവസായസ്ഥാപനങ്ങളുമായി സർവകലാശാലകൾ അക്കാദമിക ബന്ധം സ്ഥാപിക്കുന്നത് ഗവേഷണത്തിന് സഹായകമാകും. സർവകലാശാലകളുടെ പ്രവർത്തനം പതിവായി വിലയിരുത്തുന്നതിലൂടെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് ചാൻസലേഴ്സ് അവാർഡ് സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു.

ഉന്നതവിദ്യാഭ്യാസ വകുപ്പു മന്ത്രി ഡോ. കെ.ടി. ജലീൽ അധ്യക്ഷത വഹിച്ചു. സുരേഷ് കുറുപ്പ് എം.എൽ.എ., ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ, ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഉഷ ടൈറ്റസ്, ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ദേവേന്ദ്രകുമാർ ദൊതാവത്, എം.ജി. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, കേരള വെറ്ററിനറി ആൻഡ് അനിമൽ  സയൻസസ് സർവകലാശാല വൈസ് ചാൻസലർ ഡോ. ദേവന്ദ്രകുമാർ സിങ്, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവർ പങ്കെടുത്തു.

അഞ്ചുകോടി രൂപയും പ്രശസ്തിപത്രവും ട്രോഫിയുമടങ്ങുന്നതാണ് ചാൻസലേഴ്സ് അവാർഡ്. മഹാത്മാഗാന്ധി സർവകലാശാലയ്ക്കുവേണ്ടി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അവാർഡ് ഏറ്റുവാങ്ങി. ഒരു കോടി രൂപയും പ്രശസ്തിപത്രവും ട്രോഫിയുമടങ്ങുന്നതാണ് എമർജിങ് യങ്

സർവകലാശാല അവാർഡ്. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല വൈസ് ചാൻസലർ ഡോ. ദേവന്ദ്രകുമാർ സിങ് അവാർഡ് ഏറ്റുവാങ്ങി.

## ഫോട്ടോ ക്യാപ്ഷൻ

**(1) മികച്ച സർവകലാശാലയ്ക്കുള്ള ചാൻസലേഴ്സ് അവാർഡ് വിതരണ ചടങ്ങിന്റെ ഉദ്ഘാടനം എം.ജി. സർവകലാശാലയിൽ ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം നിർവഹിക്കുന്നു**

**(2) മികച്ച സർവകലാശാലയ്ക്കുള്ള ചാൻസലേഴ്സ് അവാർഡ് ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് സമ്മാനിക്കുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീൽ സമീപം**

**(3) മികച്ച എമർജിങ് യങ് സർവകലാശാലയ്ക്കുള്ള അവാർഡ് ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവകലാശാല വൈസ് ചാൻസലർ ഡോ. ദേവേന്ദ്രകുമാർ സിംഗിന് സമ്മാനിക്കുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീൽ സമീപം**

(പി.ആർ.ഒ./39/448/2019)

## രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ

## നിയമനകാലാവധി നാലുവർഷമാക്കി: മന്ത്രി ഡോ. കെ.ടി. ജലീൽ

സർവകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ കാലാവധി നാലുവർഷമായി പരിമിതപ്പെടുത്തിയതായി ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന ചാൻസലേഴ്സ് അവാർഡ് വിതരണ ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

ഇതിനുള്ള ഓർഡിനൻസിൽ ഗവർണർ ഒപ്പുവച്ചു. പത്തും പതിനഞ്ചും വർഷം ഒരാൾതന്നെ ഒരു സ്ഥാനത്ത് ഇരിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടും പ്രയാസവും ഒഴിവാക്കുകയാണ് ഉദ്ദേശ്യം. യോഗ്യരല്ലാത്തവർ 15 വർഷത്തേക്കും മറ്റും അത്തരം തസ്തികകളിലെത്തിയാൽ സർവകലാശാലകളുടെ മുന്നോട്ടുള്ള പ്രയാണത്തെ തടസപ്പെടുത്തും. ഭാവിയിൽ അത്തരം തടസങ്ങൾ ഉണ്ടാകാതിരിക്കുകയാണ് ലക്ഷ്യം. പരീക്ഷകൾ ക്രമപ്പെടുത്തണം. ഫലം കൃത്യമായി നൽകേണ്ടതുണ്ട്. എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈനായി നൽകണം. ഇതിനുള്ള സർക്കാർ ശ്രമങ്ങളിൽ എല്ലാവരും സഹകരിക്കണം.

കേരളത്തിനു പുറത്തേക്ക് ഉന്നതവിദ്യാഭ്യാസത്തിനായി വിദ്യാർഥികൾ പോകുന്നത് മേഖലയിലെ ന്യൂനതയായി കാണണം. കേരളത്തിൽ മികച്ച സൗകര്യങ്ങളുള്ള സ്ഥാപനങ്ങൾ ഉപേക്ഷിച്ച് പുറത്തെ സ്ഥാപനങ്ങളിലേക്ക് പഠിക്കാൻ പോകുന്നത് പ്രോഗ്രാമുകൾ സമയബന്ധിതമായി തീരാത്തതിനാലും ഫലം താമസിക്കുന്നതിനാലുമാണ്. ഇത് വിദ്യാർഥികൾ ചൂണ്ടിക്കാട്ടിയതാണ്. ഇതിനെ സർവകലാശാലകൾ മറികടക്കണം. എം.ജി. സർവകലാശാല ഇക്കാര്യത്തിൽ മാതൃകാപരമായ ചുവടുവയ്പ്പ് നടത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(പി.ആർ.ഒ./39/449/2019)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എസ്‌സി. ബോട്ടണി (സി.എസ്.എസ്.-റഗുലർ/റീഅപ്പിയറൻസ്) ജനുവരി 2019 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 14 മുതൽ 22 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. പരീക്ഷയോടനുബന്ധിച്ചുള്ള എക്സാമിനർമാരുടെ സമിതി യോഗം മാർച്ച് 12ന് രാവിലെ 11ന് സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ നടക്കും.

(പി.ആർ.ഒ./39/450/2019)

നാലാം സെമസ്റ്റർ ബി.എഡ് (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 11 മുതൽ 22 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/451/2019)

## എം.ഫിൽ സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2018-19 എം.ഫിൽ പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. 50 ശതമാനം മാർക്കോടെ എം.എഡ്. യോഗ്യതയുള്ളവർ മാർച്ച് 12ന് രാവിലെ 10ന് യോഗ്യത സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റുമായി പഠനവകുപ്പിൽ ഹാജരാകണം. ഫോൺ: 0481-2731042.

(പി.ആർ.ഒ./39/452/2019)

## പരീക്ഷഫലം

2018 സെപ്റ്റംബറിൽ സ്‌കൂൾ ഓഫ് ബയോസയൻസസിൽ നടന്ന പി.എച്ച്.ഡി. കോഴ്‌സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/453/2019)

2018 സെപ്റ്റംബറിൽ ഐ.ഐ.ആർ.ബി.എസിൽ നടന്ന എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/454/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി.എഫ്.ടി. ഓഫ് കാമ്പസ് (സി.ബി.സി.എസ്.എസ്.-സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/455/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി.എ. ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (ഓഫ് കാമ്പസ് - സി.ബി.സി.എസ്.എസ്.) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/456/2019)

## ടെക്‌നിക്കൽ അസിസ്റ്റന്റ് ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഡി.എസ്.ടി.-പഴ്‌സ് പ്രോഗ്രാമിൽ വിവിധ പഠനവകുപ്പുകളിൽ ടെക്‌നിക്കൽ അസിസ്റ്റന്റിന്റെ ഒഴിവുണ്ട്. ബയോഡാറ്റ സഹിതം മാർച്ച് 15 വരെ അപേക്ഷിക്കാം. യോഗ്യത, പ്രതിഫലം തുടങ്ങിയ വിവരങ്ങൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/457/2019)

## ടീച്ചേഴ്‌സ് പോർട്ടൽ; വിവരങ്ങൾ ഉൾപ്പെടുത്തണം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ടീച്ചേഴ്‌സ് പോർട്ടൽ മാർച്ച് 11, 12, 13 തീയതികളിൽ തുറക്കുന്നതാണ്. എല്ലാ പ്രിൻസിപ്പൽമാരും അതത് കോളേജുകളിലെ മുഴുവൻ അധ്യാപകരുടെയും വിവരങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തണം.

(പി.ആർ.ഒ./39/458/2019)

# ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്‌കീം സെല്ലിന്റെ ആഭിമുഖ്യത്തിൽ എൻ.എസ്.എസ്. വോളണ്ടിയർമാരെ പങ്കെടുപ്പിച്ച് നടത്തിയ 'എം.ജി.യു.എൻ.എസ്.എസ്. ഫെസ്റ്റ് 2019' സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. അജിത് ജെയിംസ് ജോസ്, സർവകലാശാല എൻ.എസ്.എസ്. പ്രോഗ്രാം കോ ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, ഫാ. റെജി പി. കുര്യൻ, പ്രൊഫ. അനീഷ് കെ. ജോസഫ് തുടങ്ങിയവർ സമീപം**

(പി.ആർ.ഒ./39/459/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ